<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 302 06.01.2014-ലെ മറുപടിക്ക്

**ജയിലുകളുടെ പരിസരത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജയിലുകളുടെ പരിസരത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിശ്ചിത ദൂരം പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദമാക്കുമോ; | എ) ഉണ്ട്. ജയിലുകൾക്ക് സമീപം മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ, സെൻട്രൽ ജയിലുകളുടെ മതിലിൽ നിന്നും 150 മീറ്റർ ദൂരവും, ജില്ലാ ജയിലുകളുടെ മതിലിൽ നിന്നും 100 മീറ്റർ ദൂരവും, സബ് ജയിലുകളുടെ മതിലിൽനിന്നും 50 മീറ്റർ ദൂരവും പാലിക്കേണ്ടതാണ് എന്ന് BPR & D യുടെ 2003-ലെ നിർദ്ദേശം ഉണ്ട്. ജയിൽ പരിസരത്തിൽ പുതിയ നിർമ്മാണ പ്രവർത്തനം നടത്തുകയാണെങ്കിൽ ആയതിന് അതാതു ജില്ലാ കളക്ടറുടെ അനുവാദവും വാങ്ങേണ്ടതാണ്. |
| ബി) കോഴിക്കോട് ജില്ലാ ജയിലിനടുത്ത് പ്രസ്തുത വ്യവസ്ഥയും നിശ്ചിത ദൂരവും പാലിക്കാതെ നിർമ്മിക്കപ്പെട്ട എത്ര കെട്ടിടങ്ങൾ ഉണ്ട്; ഇവ നിർമ്മിച്ചത് ജയിൽ വകുപ്പ് അധികൃതരുടെ അറിവോടുകൂടിയാണോ; എങ്കിൽ എപ്പോൾ; | ബി) കോഴിക്കോട് ജില്ലാ ജയിലിന്റെ ചുറ്റുമതിലിൽ ചേർന്നും വളരെ സമീപത്തായും ട്രഷറിയും പോലീസ് സ്റ്റേഷനും പ്രവർത്തിക്കുന്നതടക്കമുള്ള വിവിധ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. മറ്റു കെട്ടിടങ്ങൾ ജയിലിന് മുന്നിലുള്ള റോഡിന് മറുവശത്താണ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ചട്ടങ്ങൾക്കു വിപരീതമായുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ നടന്നിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലാ ജയിലിന് സമീപം "സ്പാൻ ഹോട്ടൽ എന്ന ഒരു കെട്ടിടം ഉണ്ട്. ആയതിന് ജയിൽ വകുപ്പിൽ നിന്നും ഒരു നിരാക്ഷേപ പത്രം കൊടുത്തതായി കണ്ടെത്താനായിട്ടില്ല. എന്നാൽ ടി കെട്ടിടത്തിന് ജയിൽ ചുറ്റുമതിലുമായി 32.5 മീറ്റർ അകലമുണ്ട്, ആയതിന് നമ്പർ നൽകിയത് 3/5/2004-ൽ ആണ്, കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയത് 28.1.2003-ലും ആണ്. |

| | |
|---|---|
| സി) ജയിലിലെ തടവുകാരെ വീക്ഷിക്കാനും, തടവുകാർ അറിയാതെ ഫോട്ടോ എടുക്കാനും പ്രസ്തുത കെട്ടിടത്തിൽ നിന്ന് സാദ്ധ്യമാണോ; അത്തരത്തിൽ ഏതെങ്കിലും റിപ്പോർട്ടുകളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; അതേക്കുറിച്ച് പരിശോധിക്കുകയുണ്ടായോ? | സി) സാധ്യമല്ല; റിപ്പോർട്ടുകളോ ആക്ഷേപങ്ങളോ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ